# *Index*

Vicar's Message…………………………………… 2

Story ............................................................... 4

Announcements .................................................. 8

Events Photos.......……………………….……...…… 9

# Vicar's Message



**ത്രിയേക ദൈവത്തിനു സ്തുതി**

**"യഹോവ എൻെറ വെളിച്ചവും എൻെറ രക്ഷയുമാകുന്നു";(സങ്കീർത്തനം:27:1)**

വളരെ പ്രത്യാശയും ആത്മ ധൈര്യവും തരുന്ന ഒരു വേദഭാഗമാണിത്. ജീവിതത്തിൽ ചില സന്ദർഭങ്ങളിൽ തിക്തമായ അനുഭവങ്ങൾ ഒറ്റയ്ക്ക് അനുഭവിക്കേണ്ടി വന്നിട്ടുണ്ടാകും. അവിടെ അദൃശ്യനായ ദൈവം ചില നിമിത്തങ്ങളിലൂടെ കരകയറ്റിയിട്ടുണ്ടാകും. ചിലപ്പോൾ ചില വ്യക്തികളിലൂടെ ദൈവം പ്രവർത്തിക്കും, ചിലപ്പോൾ സാഹചര്യങ്ങൾ നമുക്കനുകൂലമായി തറന്നുവരും. ഇവിടെയെല്ലാം നാം കാണുക മനുഷ്യജീവിതത്തിൽ ഇടപെടുന്ന ജീവനുള്ള ദൈവത്തേയാണ്. മറ്റുള്ളവരെക്കാൾ കൂടുതൽ നമ്മുടെ കാര്യത്തിൽ താല്പര്യമുള്ള കരുണയുള്ള ദൈവം. യഹൂദ റാബിമാരെപറ്റി അനവധി കഥകളുണ്ട്. ഇവയിൽ ചിലത് സാരോപദേശങ്ങളും മൂല്യസന്ദേശങ്ങളും ഉൾക്കൊള്ളുന്നവയാണ്. ഒരു കഥ ഇങ്ങനെയാണ്. മതപീഢനം മൂലം ഒരു റാബിക്ക് തൻെറ നാടും വീടും വിട്ടുപോകേണ്ടി വന്നു. വനാന്തരങ്ങളിലൂടെ യാത്ര ചെയ്ത് ഒരു ഗ്രാമത്തിലെത്തി.സമ്പാദ്യമായി അദ്ദേഹത്തിൻെറ കയ്യിൽ നാലു കാര്യങ്ങൾ ഉണ്ടായിരുന്നു. വിശുദ്ധഗ്രന്ഥ, അതു വായിക്കാൻ ഒരു വിളക്ക്, പ്രഭാതം വിളിച്ചറിയിക്കാൻ ഒരു പൂവൻകോഴി, യാത്ര ചെയ്യാൻ ഒരു കഴുത. താൻ ചെന്നെത്തിയ ഗ്രാമത്തിൽ ഒരന്തി കിടന്നുറങ്ങാൻ ഗ്രാമത്തിലെ നിവാസികളോട് അപേക്ഷിച്ചിട്ടും അവരാരും സ്ഥലം നൽകിയില്ല. നിരാശനായ റാബി ആ ഗ്രാമത്തിലെ ഒരു വഴിവക്കിലിരുന്നു. വിലക്കു കത്തിച്ച് വി.ഗ്രന്ഥം വായിക്കാനൊരുങ്ങി. ഉടനെ ശക്തമായ ഒരു കാറ്റു വന്നു ആ വിളക്ക് കെട്ടുപോയി.എന്തു ചെയ്യണമെന്നറിയാതെ ഇരുട്ടത്ത് ഇരിക്കുമ്പോൾ ഒരു കുറുക്കൻ വന്ന് തൻെറ കോഴിയെ പിടിച്ചു. അതിനെ രക്ഷിക്കാൻ കറുക്കൻെറ പിന്നാലെ പോയി എങ്കിലും ഫലമുണ്ടായില്ല. തിരികെ വന്നപ്പോൾ അതാ ഒരു സിംഹം തൻെറ കഴുതയെ കൊന്നിട്ടിരിക്കുന്നു. ആകെ തളന്ന് റാബി പ്രാണരക്ഷാർത്ഥം മറ്റൊരു ഗ്രമത്തിലേക്ക് പോയി.അവിടെ എത്തിയപ്പോൾ ദുഃഖവും ക്ഷീണവും സഹിക്കാൻ വയ്യാതെ അദ്ദേഹം ദൈവത്തോടു ചോദിച്ചു അല്ലയോ യഹോവേ എന്തിനാണെനിക്കിത്രയും ദുഃഖ ദുരിതങ്ങൾ നൽകിയത്. ഞാൻ നിന്നോട് എന്ത് തെറ്റാണ് ചെയ്യ്തത്.

പിറ്റേദിവസം അദ്ദേഹം കേട്ടവാർത്ത് തന്നെ അതിശയിപ്പിച്ചു. താൻ തലേ രാത്രിയിൽ അഭയംതേടിയലഞ്ഞ ഗ്രാമത്തിൽ കൊള്ളക്കാർ കയറി കവവച്ച് ചെയ്യു എന്നാണ്.

കണ്ണിൽ കണ്ടവരെയെല്ലാം തല്ലിയും മുറിവേൽപ്പിച്ചും പലരേയും കൊല ചെയ്ത് സ്വത്തുക്കൾ കൈക്കലാക്കി ഗ്രാമം നാശമാക്കി.ഈ വാർത്ത കേട്ടപ്പോൾ റാബി ഓർത്തു ദൈവമേ ഞാൻ കഴിഞ്ഞ രാത്രിയിൽ ആ ഗ്രാമത്തിൽ അന്തിയുറങ്ങിയിരുന്നുവെങ്കിൽ എൻെറ ജീവനം അപകടത്തിലാകുമായിരുന്നല്ലോ. എന്നാൽ അതു ഒന്നുങ്ങ സംഭവിക്കാതെ യഹോവേ നീ എന്നെ രക്ഷിച്ചല്ലോ.

ഈ കഥ നമുക്ക് ഒരു ജീവിത സന്ദേശം നൽകുന്നുണ്ട്. തൽക്കാലം നമുക്ക് ബുദ്ധിമുട്ടുകളും അസൗകര്യങ്ങളും വരുത്തുന്ന സാഹചര്യങ്ങൾ ആത്യന്തികമായി നമ്മുടെ നന്മയ്ക്കും പ്രയോജനത്തിനുമായി പരിണമിക്കാറുണ്ട്. ഒരു പാട്ട് നമ്മൾ ഇങ്ങനെ പാടാറുണ്ടല്ലോ.

"എല്ലാം നന്മക്കായി സ്വർഗ്ഗത്തിൽ താതൻ ചെയ്തിടുന്നു

നിർണ്ണയമായി വിളികേട്ടവർക്കും ദൈവത്തിൻ സ്നേഹമറിഞ്ഞവർക്കും".

ഈ സത്യം പൗലോസ് ശ്ലീഹ, വെളിപ്പെടുത്തുന്നുണ്ട്. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മക്കായി പരിണമിക്കുന്നു".

നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങളുടെ ഗൗരവംനമ്മെക്കാൾ കൂടുതൽ അറിയുന്നവനാണ് നന്മകളുടെ ഉറവിടമായ നമ്മുടെ ദൈവം. രണ്ട് ബോധ്യം നമുക്ക് ആവശ്യമാണ്.

ഒന്ന്, ദൈവത്തിൻെറ അധികാരത്തിലും നിയന്ത്രണത്തിലും വിധേയപ്പെട്ടാണ് സകലവും സ്ഥിതി ചെയ്യുന്നത്.

രണ്ട്, ദൈവം നന്മമാത്രം ചെയ്യുന്നവനാണ്. ഈ വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ നമ്മുടെ പ്രാർത്ഥനാജീവിതം കൂടുതൽ ഊഷ്മളതയുള്ളതാക്കാം.

സ്നേഹപൂർവ്വം,

ക്രിസ്തുയേശുവിൽ,

നിങ്ങളുടെ സജിയച്ചൻ.

## ഹാർവസ്റ്റ് ഫെസ്റ്റിവലിനോടനുബന്ധിച്ചു നടന്ന ചെറുകഥ മത്സരത്തിൽ

## രണ്ടാം സമ്മാനം കിട്ടിയ ചെറുകഥ

## ജാലകകാഴ്ച്ചകൾ

വെള്ളിപാകിതുടങ്ങിയ തലയിൽ അലസമായി വിരലോടിച്ചകൊണ്ട്, ആ രാത്രിയിലും അയാൾ ജീവിതത്തിൻെറ കണക്കുപുസ്തകം മെല്ലെ തുറന്നു. പ്രവാസഭൂമിക ലാഭനഷ്ടകണക്കുകൾ കൂട്ടിനോക്കിയപ്പോൾ ജീവിതമെന്ന അരങ്ങിൽ ആടിത്തീർത്ത ജീവിതത്തിൻെറ ലാഭമോ ഇനിയും ആടിത്തീർക്കാനിരിക്കുന്ന ജീവിതത്തിൻെറ നഷ്ടമോ വലുത്. എണ്ണപ്പാടങ്ങളുടെ നാട്ടിൽ കഴിച്ചുകൂട്ടേണ്ടിവന്ന സംവത്സരങ്ങൾ. ചിന്തകൾ കാടുകയറിയപ്പോൾ ഈ രാവും തനിക്ക് ഉറങ്ങുവാനാവില്ല എന്നയാൾക്ക് ബോധ്യമായി.

സ്വന്തനാട്ടിൽ-സ്വന്തവീട്ടിൽ തിരിച്ചെത്തിയിട്ടും കഴിഞ്ഞകാലദിനങ്ങൾ പോലെ ഇവിടെയും നിദ്ര തനിക്കന്യമാവുകയാണോ? നീണ്ട പ്രവാസ ജീവിതത്തിനുശേഷം പഴയ ജീവിത ശൈലികളിലേക്ക് ഒരു പറിച്ചു നടീൽ. ഏറെ നാളെടുത്തു പൊരുത്തപ്പെട്ടതാണെങ്കിലും ഏറെക്കാലമായി ശീലിച്ചുപോന്ന ചര്യകളിൽനിന്നും വീണ്ടും പഴയതിലേക്കൊരു തിരിച്ചു വരവ്-പ്രവാസത്തിൽനിന്നും ഒരു തിരിച്ചു വരവ് അന്യദേശത്തെ ഏകാന്തതക്കും കഷ്ടപ്പാടുകൾക്കും ഗ്രഹാതുരത്തങ്ങൾക്കും വിരാമം കുറിച്ചുകൊണ്ട് സ്വന്തത്തിലേക്കുള്ള തിരിച്ചു വരവ് എന്നചിന്ത അയാളിൽ ആശ്വാസത്തിൻെറ നെടിവീപ്പുണർത്തി.

നിലാവു പരത്തുന്ന ചന്ദ്രൻ ഇരുട്ടിൻെറ കാഠിന്യം അല്പം കുറച്ചതുപോലെ. ജാലകച്ചില്ലുകളിലൂടെ അനുവാദമില്ലാതെ കടന്നുവന്ന നിലാവെളിച്ചം ആ മുറിയിലും അരണ്ട പ്രകാശം പരത്തി. തന്നോടു ചേർന്ന്കിടന്ന് സുഖമായുറങ്ങുന്ന ജീവിത പങ്കാളിയെ തെല്ലൊരു അസൂയയോടെനോക്കി ഇന്നു പകൽ താൻ വന്നപ്പോൾ മുതൽ ഏറെ തിരക്കിലായിരുന്ന അയാൾ. പകലത്തെ അധ്വാനഭാരവും തനിക്കുവേണ്ടി ഇഷ്ടവിഭവങ്ങൾ ഒരുക്കിയതും വീട്ടിൽ തനിക്കായി ക്രമീകരണങ്ങളിൽ വരുത്തിയ പുതുമയും എല്ലാം അയാളെ ഏറെ ക്ഷീണിപ്പിച്ചപ്പോലെ. ക്ഷീണിച്ചുറങ്ങുകയാണെങ്കിലും തന്നോടുചേർന്ന് സുഖമായുറങ്ങുന്ന പങ്കാളിയെ നോക്കവെ താനറിയാതെ ഒരു ചെറുപുഞ്ചിരി അയാളുടെ ചുണ്ടിൽ വിടർന്നു. ഏറെ സുരക്ഷിത ബോധത്തോടെ തലയിണയിൽ മുഖം ചേർത്ത് തന്നിലേക്ക് വശം ചരിഞ്ഞ് സുഖമായുറങ്ങുമ്പോഴും ആ ചുണ്ടുകൾ ഇങ്ങനെ മന്ത്രിക്കുന്നതുപോലെ അയാൾക്കുതോന്നി. ഇനി എന്നെ തനിച്ചാക്കിപ്പോകരുതേ. അതേ മക്കൾ ഒപ്പമുണ്ടയിരുന്നപ്പോഴും താൻ ഒറ്റക്കെന്ന പോലെ ആയിരുന്നു അവളുടെ ജീവിതം. കുടുംബത്തിൻെറ പ്രാരാബ്ദങ്ങളും, നേട്ടങ്ങളും, സന്തോഷവും, സന്താപവും, സ്വകാര്യതകളും താനുമായി ആദ്യമൊക്കെ കത്തിലൂടെയും, കാലാന്തരത്തിൽ ഫോണിലൂടെയും പങ്കുവച്ചുള്ള ഒരു ഏകാന്തജീവിതം. ഇന്ന് മക്കൾ അവരുടെ ജീവിതം തേടിപോയപ്പോൾ, ജീവിത സായ്ഹാനത്തിൽ ഒറ്റപ്പെട്ടുപോയവൾ, തൻെറ മാറിടത്തിലൂടെ തന്നെ ഇറുകെപ്പിടിച്ചിരിക്കുന്ന വലതുകരം മെല്ലെ എടുത്തു മാറ്റി, കിടക്കയിൽനിന്നും എഴുന്നേറ്റ് അയാൾ മെല്ലെ ജാലകത്തിനടുത്തേക്ക് നടന്നു. മുറിക്കകത്ത് ഫാൻ കറങ്ങുന്നുണ്ടെങ്കിലും അയാൾക്ക് ചൂട് അസഹ്യമായി തോന്നി. ജനൽപാളി മെല്ലെ തുറന്നു. രാവിൽ വിരിയുന്ന പൂക്കളുടെ നറുമണം പേറിയെത്തിയ കാറ്റിനും ചൂടനുഭവപ്പെട്ടു. മരച്ചില്ലകൾക്കിടയിലൂടെ ഒളിക്കണ്ണിട്ടു നോക്കുന്ന ചന്ദ്രൻ, നേരം പുലരാറായെങ്കിലും പഴയ കാലങ്ങളിൽ താൻ അനുഭവിച്ചിരുന്ന സൗന്ദര്യം ആ

പഴയ ഗ്രാമിണതയും, നാട്ടുവഴികളും, നാല്ക്കവലയും, നാട്ടുകാരും ഒക്കെ ഓർമ്മയുടെ വെള്ളിത്തിരയിൽ മിന്നിമറഞ്ഞു. പഴയകാല മുഖങ്ങളും ഓർമ്മചെപ്പിൽനിന്നും പുറത്തെടുക്കുവാൻ ശ്രമിക്കവെ, തൻെറ ബാല്യവും കൗമാരവും, വിവാഹവും അവസാനം ജീവിതം കരുപിടിപ്പിക്കുവാൻ നാട്ടിൽനിന്നും വണ്ടികയറുന്നതും എല്ലാം ഒരു ഫ്ലാഷ്ബാക്കുപോലെ മനസ്സിലേക്കു കടന്നുവന്നു.

സൂര്യൻ തൻെറ പ്രകാശത്തിൻെറ ആദ്യകിരണങ്ങളെ ഭൂമിയിലേക്കയച്ചു തടങ്ങി, കിഴക്ക് വെള്ള കീറിതടങ്ങി. വീടിനഭിമുഖമായ നാട്ടുവഴി കുറേശ്ശേ ദൃശ്യമായി തുടങ്ങി. ഒരുപക്ഷേ ഇന്നു ലോകത്തിൽ മറ്റെവിടെയും കാണുവാൻ കഴിയാത്ത ആ കാഴ്ച്ച അയാൾകണ്ടു. വിജനമായ വഴിയിലൂടെ ഉന്തുവണ്ടി വലിച്ചുകൊണ്ടുവരുന്ന ഒരു മനുഷ്യൻ; ആളുടെ രൂപമോ മുഖമോ വ്യക്തമായിരുന്നില്ല, എങ്കിലും നേരിയ പ്രകാശത്തിൽ അതൊരു കിഴവനാണെന്ന് അയാളുടെ ശരീരഭാഷയിൽനിന്നും മനസ്സിലായി.

ആ കാഴ്ച്ച അയാളുടെ ചിന്തകളെ ഏറെ വർഷം പിന്നിലേക്കുകൊണ്ടുപോയി. താൻ സകൂളിൽ പഠിച്ചിരുന്ന കാലം മുതൽ ഇതുപോലെ വണ്ടിവലിച്ചിരുന്ന ഉറച്ച മാംസപേശികളുള്ള ഗോപാലൻ എന്ന ചെറുപ്പക്കാരനെ അയാൾക്ക് ഓർമ്മവന്നു. അന്ന് ഏറെ ഭാരം നിറച്ച വണ്ടിയുമായി കയറ്റം കയറാൻ ബുദ്ധിമുട്ടുമ്പോൾ താനും കൂട്ടുകാരും ചേർന്ന് വണ്ടി പുറകിൽനിന്ന് ഉന്തികൊടുക്കുമായിരുന്നു.

ചിലരയാളെ കളിയാക്കി 'തകര' എന്ന് വിളിച്ചിരുന്നു. ഇന്നിതാ തകരക്കു പകരക്കാരനായി ഒരു വൃദ്ധൻ, ആരായിരിക്കും അയാൾ. ഒരുപക്ഷേ അതു തകര എന്ന ഗോപാലൻ തന്നെ ആകുമോ? സാധ്യതയില്ല. അയാൾക്കിപ്പോൾ ഏറെ പ്രായമായിക്കാണില്ലെ. മക്കളുടെ തണലിൽ വിശ്രമജീവിതം നയിക്കുകയാവില്ലെ. പെട്ടന്ന് എതിർ ദിശയിൽനിന്നും സൈക്കിളിൽ പാലുമായി വരുന്ന ഒരു കൗമാരക്കാരൻ അയാളെ കടന്നു പോകുമ്പോൾ കഴുത്ത് പുറകിലേക്ക് തിരിച്ച് ഉച്ചത്തിൽ 'തകരെ' എന്നു വിളിച്ച് അതിവേഗം സൈക്കിളിൽ പാഞ്ഞുപോയി. താനറിയാതെ, അയാളിൽ നിന്നും ഒരു നെടുവീപ്പുണന്നു കഷ്ടം. ഏറെപ്രായം ചെന്നിരിക്കുന്നു എന്നിട്ടും ഈ മനുഷ്യനിന്നും കഷ്ടപ്പെടുകയാണല്ലോ. അതോർത്തപ്പോൾ താനെത്ര ഭാഗ്യവാനെന്നയാൾക്കു തോന്നി.

എന്താ രാത്രി ലേശവും ഉറങ്ങിയില്ലേ, പുറകിൽനിന്നും ശബ്ദം കേട്ടുതിരിഞ്ഞു നോക്കുമ്പോൾ കയ്യിൽ ആവിപറക്കുന്ന നിറകപ്പുമായി നില്ക്കുന്ന ഭാര്യ. അവളുടെ ചോദ്യത്തിനു മറുപടിയായി നിസംഗമായ ഒരു നോട്ടം മാത്രം നല്കി ആ ചായ വാങ്ങി.ഒരിറക്കുകുടിച്ച് ഒരു കൈ കൊണ്ട് അവളെ തന്നിലേക്ക് ചേർത്തു പിടിക്കുമ്പോൾ അയാളറിയാതെ ആ മനസ്സിങ്ങനെ മന്ത്രിച്ചു. ഇനി-ഇനി ഞാൻ എന്നും നിന്നോടു കൂടെയുണ്ട്. സുഖമായാലും ദുഃഖമായാലും. സൂര്യൻെറ തേജസ്സ് വർദ്ധിച്ചു. ഇപ്പോൾ നാക്കുവഴി വ്യക്തമായി കാണാനാകുന്നുണ്ട്. എങ്കിലും ദൂരത്തേക്ക് വണ്ടിവലിച്ചു നീങ്ങുന്ന 'തകര'യുടെ അവ്യക്ത രൂപമായിരുന്നു അയാളുടെ മനസ്സിലപ്പോഴും.

By Chandy Joshua



# Happy Birthday



**1st happy birth day of Bimisha Ben Mathew & Binisha Ben Mathew on August 24th - With prayers Bethel Ben Mathew & Bisha Ben Mathew**

# Happy Birthday



**Blessy Mariam Philip**
**11th Birthday on August 20**


BY
MERIN & MERLIN





# Announcements

Sept 1st - Memorial Day of Mor Baselleous Poulose II

Aug 31 - Sept 7 - എട്ടുനോമ്പ് ആചരണവും, അതേ തുടർന്ന് Fr. Baiju Chandy നയിക്കുന്ന ബൈബിൾ കൺവൻഷനും.
(Evening Prayer: 7.00 - 7.30 pm, Convension: 7.30 - 9.00 pm)

## അനുശോചനം

നമ്മുടെ ഇടവകാംഗങ്ങളായ ശ്രീ Thankachan Jacob ൻെറ പിതാവും, ശ്രീ Samson K Joseph ൻെറ ഭാര്യാ പിതാവും, കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേത മറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം, പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.



Fr. Geevarghese Poomattathil visited us

# Events

## Members left Bahrain



Mr. Samjan P. Thomas



Mrs. & Mr. Thomas P. Mathew



Dr. Manoj K. Poovelil



Mr. Babykutty V.P.

## Summer Class Educational Tour









# VBS 2014










# VBS 2014

















# VBS 2014

















# VBS 2014

















# SUMMER CLASS 2014










# SUMMER CLASS 2014

















# SUMMER CLASS 2014















